**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയം ലഭിക്കാൻ സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കല്പിക്കാനുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ; | (എ) | 01.01.77 ന് മുൻപ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിന് സംയുക്ത സർവ്വേ പൂർത്തിയാക്കി പട്ടയം ലഭിക്കുന്നതിന് കോങ്ങാട് മണ്ഡലത്തിലെ പാലക്കയം വില്ലേജിൽ 73 അപേക്ഷകളും കാരാകുറുശ്ശി വില്ലേജിൽ 2 അപേക്ഷകളും നിലവിലുണ്ട്. |
| (ബി) | കോങ്ങാട് മണ്ഡലത്തിലെ വില്ലേജുകളിൽ റവന്യൂ വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി പട്ടയം നൽകാൻ ശിപാർശ ചെയ്ത എത്ര കേസുകൾ ഉണ്ട്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോങ്ങാട് മണ്ഡലത്തിലെ പാലക്കയം വില്ലേജിൽ 73 അപേക്ഷകളും കാരാകുറുശ്ശി വില്ലേജിൽ 2 അപേക്ഷകളും പട്ടയം ലഭിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | സംയുക്ത സർവ്വേ നടത്തിയിട്ടില്ലാത്ത കേസുകളുടെ വിശദാംശം നൽകാമോ; | (സി) | നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള എണ്ണം പ്രത്യേകമായി തയാറാക്കിയിട്ടില്ല. |
| (ഡി) | പട്ടയം ലഭിക്കേണ്ടവരുടെ അപേക്ഷയിൽ കാലതാമസം കൂടാതെ പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | 01.01.1977 ന് മുമ്പ് വനഭൂമിയിലെ കുടിയേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിന് സംയുക്ത സർവ്വേ പൂർത്തിയാക്കിയ കേസുകളിൽ കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ